LIBRARY ARCHIVES Kerala Legislative Assembly

ഭൂരഹിതരില്ലാത്ത കേരളം പദ്ധതി - ആറളം പുനരധിവാസം

85 (2579) ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം അനുവദിച്ച ഭൂമി സംബന്ധിച്ച് വ്യാപകമായ പരാതി ഉയർന്നുവന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ആറളം പുനരധിവാസ മേഖലയിൽ ഭൂരഹിതർക്കായി ഭൂമി അനുവദിക്കുകയുണ്ടായോ ;

(സി) ഈ പ്രദേശത്തെ പട്ടികവർഗ്ഗമേഖലയായി പ്രഖ്യാപിക്കുന്നതിന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ഡി) ആയതുകാരണം ഈ പ്രദേശത്തെ ഭൂമി വിതരണം കോടതി തടഞ്ഞിട്ടുണ്ടോ ;

(ഇ) സംസ്ഥാനത്തിന്റെ മറ്റ് ഭാഗങ്ങളിലും ഈ പദ്ധതി പ്രകാരം അനുവദിച്ച ഭൂമി കണ്ടെത്താൻ കഴിയാത്തതും കണ്ടെത്തിയ ഭൂമി ഉപയോഗശൂന്യമായതും കാരണം ഭൂമിക്ക് അർഹരായവർ കബളിക്കപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിപ്രകാരം അനുവദിച്ചിട്ടുള്ള ഭൂമി സംബന്ധിച്ച് വ്യാപകമായ പരാതികൾ ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിപ്രകാരം ആറളം പുനരധിവാസ മേഖലയിൽ ഭൂമി അനുവദിച്ചിട്ടില്ല.

(സി) പ്രസ്തുത പദ്ധതിപ്രകാരം ഭൂമി പതിവ് നടപടികൾക്കായി ഏതെങ്കിലും പ്രദേശത്തെ പ്രത്യേക മേഖലയായി പ്രഖ്യാപനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

(ഡി) ഇല്ല.

(ഇ) വീട് വയ്ക്കാൻ അനുയോജ്യമായ സർക്കാർ ഭൂമികൾ തെരഞ്ഞെടുത്താണ് പദ്ധതിക്ക് ഉപയോഗിക്കുന്നത്. കോടതി കേസുകൾ മുഖേനയോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ എതിർപ്പുകൾ മുഖേനയോ അനുവദിച്ച ഭൂമി കൈമാറാൻ കഴിയാത്ത സാഹചര്യം ചില സ്ഥലങ്ങളിൽ ഉണ്ടായിട്ടുണ്ട്.